Draft #1 of File 124656/AC A9-1/2021/PVC Sn Approved by ASSISTANT REGISTRAR III (ACADEMIC) on 28-Oct-2021 02:53 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എം.എ ഇംഗ്ലീഷ് (പ്രൈവറ്റ് രജിസ്ട്രേഷൻ) വിദ്യാർത്ഥികൾക്ക് സെമിനാറിന് പകരം Long Essay എഴുതി സമർപ്പിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 5709/AC A 9/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 28.10.2021

---

*പരാമർശം:*-1) സർവ്വകലാശാലാ ഉത്തരവ് നമ്പർ : 2813/AC A9/2021 തീയതി 22.06.2021.

2) 16.09.2021 തീയതിയിൽ പ്രൊ വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടിക്രമം.

3) സർവ്വകലാശാലാ ആക്ട് 1985 , അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ 25.10.2021 തീയതിയിൽ നല്കിയ ഉത്തരവ്.

**ഉത്തരവ്**

എം.എ ഇംഗ്ലീഷ് പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് സെമിനാറിന് പകരമായി Dissertation എന്ന പേരിൽ Long Essay ( ഉപന്യാസം) സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ പരാമർശം (1) സർവ്വകലാശാലാ ഉത്തരവ് പ്രകാരം നല്കിയിരുന്നു.

പരാമർശം (2) പ്രകാരം പ്രൊ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ പരീക്ഷാ കാര്യങ്ങൾക്കുള്ള ഉപസമിതി അംഗങ്ങളുടെയും പരീക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ചർച്ചകൾ നടക്കുകയും ഉപന്യാസം സമർപ്പിക്കുന്നത് സംബന്ധിച്ച് ചുവടെയുള്ള മാനദണ്ഡങ്ങൾ ശിപാർശ നൽകുകയും ചെയ്തിരുന്നു .

- അനുവദിച്ചിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിന് 1500 വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കി സമർപ്പിക്കണം.
- A 4 size പേപ്പറിൽ വ്യക്തമായ കയ്യക്ഷരത്തിൽ എഴുതി പേപ്പറുകൾ സുരക്ഷിതമായി tag ചെയ്ത് സമർപ്പിക്കേണ്ടതാണ്.
- പേര്, രജിസ്റ്റർ നമ്പർ, തെരെഞ്ഞെടുത്ത വിഷയം എന്നീ വിവരങ്ങൾ ആദ്യ പേജിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
- ഇപ്രകാരം തയ്യാർ ചെയ്ത ഉപന്യാസം വിദ്യാർത്ഥികൾ Comprehensive viva voce പരീക്ഷയുടെ ദിവസം

കൊണ്ടുവരേണ്ടതും ടി പരീക്ഷ നടത്തുന്ന അദ്ധ്യാപകനെ ഏല്പിക്കേണ്ടതുമാണ്.
- സമർപ്പിക്കപ്പെട്ട ഉപന്യാസങ്ങൾ Comprehensive viva voce പരീക്ഷ നടത്തുന്ന അദ്ധ്യാപകൻ മൂല്യനിർണ്ണയം നടത്തി ഗ്രേഡുകൾ ( External and Internal ) സർവ്വകലാശാലയിലേക്ക് നൽകേണ്ടതാണ്.
- തെരെഞ്ഞെടുത്ത വിഷയത്തിൽ തയ്യാറാക്കിയ ഉപന്യാസത്തിന്റെ ഉള്ളടക്കം, അവതരണ ശൈലി എന്നീ ഘടകങ്ങളെ ആധാരമാക്കി മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10(17) നൽകുന്ന അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസലർ പരാമർശം (3) പ്രകാരം മേൽ ശിപാർശകൾ അംഗീകരിച്ചിരിക്കുന്നു..

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി സി /പി വി സി എന്നിവരുടെ പി എസ് മാർ
2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3) ജെ ആർ II (ഭരണവിഭാഗം) /ഡി ആർ II/എ ആർ III (അക്കാദമിക്)
4) ജെ ആർ II, III / ഡി ആർ I, III / എ ആർ IX, XI, XXI (പരീക്ഷാവിഭാഗം)
5) എ സി എ 3 / ഇ എച്ച് 13 / പി ആർ 1 സെക്ഷനുകൾ
6) കണ്ടന്റ് മാനേജ്മെന്റ് /ഐ ക്യു എ സി/ റെക്കോർഡ്സ് സെക്ഷനുകൾ
7) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 124656/AC A9-1/2021/PVC Sn

Draft #1 of File 124656/AC A9-1/2021/PVC Sn Approved by ASSISTANT REGISTRAR III (ACADEMIC) on 28-Oct-2021 02:53 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം